(8) എറണാകുളം നിയോജക മണ്ഡലത്തിലെ വല്ലാർപാടം ദ്വീപിലെ റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, കേരളത്തിലെ പ്രമുഖമായ ഒരു തീർത്ഥാടന കേന്ദ്രമാണ് വല്ലാർപാടം. ആ ദ്വീപിൽ ഗതാഗതയോഗ്യമായ ഒരൊറ്റ റോഡ് പോലുമില്ല. എം.എൽ.എ റോഡ് എന്നറിയപ്പെടുന്ന ആ റോഡ് കഴിഞ്ഞ 10 വർഷം മുൻപ് രൂപീകൃതമാണെങ്കിലും ഇന്നു മെറ്റൽ ചെയ്യുകയോ ടാർ ചെയ്യുകയോ ഉണ്ടായിട്ടില്ല. ആ റോഡ് ഗതാഗതയോഗ്യമായി തീർക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് സവിനയം അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : എം.എൽ.എ. റോഡ് പദ്ധതിയിൽപ്പെട്ട റോഡാണ് വല്ലാർപാടം പനമ്പുകാട് റോഡ്. പ്രസ്തുത റോഡിന് 17-12-1988-ൽ 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് സാങ്കേതിക അനുമതി കൂടി നൽകി പണി കരാർ കൊടുത്ത് 26 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി. ഗ്രേവലിംഗ് മെററലിംഗ്, ടാറിംഗ് പണികൾ ചെയ്യുന്നതിന് സൈറ്റിൽ റോഡ് റോളർ കൊണ്ടു വരാൻ കഴിയാത്ത സാഹചര്യത്തിൽ പണി തുടർന്ന് നടത്തുവാൻ സാധിക്കാതെ വന്നു. ഗോശ്രീ പദ്ധതി നടപ്പിലാക്കുന്നതോടു കൂടി പ്രസ്തുത റോഡിന് അവിടെ നിന്നും കണക്റ്റിവിറ്റി കിട്ടും. ബാക്കി പണികൾ അതോടുകൂടി പൂർത്തിയാക്കാൻ കഴിയും.

(9) എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ അനുവദിച്ച പുതിയ തസ്തികകൾ റദ്ദാക്കിയ തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യം

ശ്രീ. എം. മുരളി : നമ്മുടെ സ്വകാര്യ സ്കൂളുകളുടെ വളരെ ഗുരുതരമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ അടിയന്തിര നടപടിക്കായിട്ട് സമർപ്പിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ ചട്ടം കെ.ഇ.ആർ. 23-ാം അദ്ധ്യായം 12-ാം വകുപ്പനുസരിച്ച് ഓരോ വർഷവും സ്റ്റാഫ് ഫിക്സേഷൻ എൽ.പി., യു.പി. ഹൈസ്ക്കൂൾ തലങ്ങളിൽ നടത്തുകയാണ്. എൽ.പി., യു.പി. സ്കൂളുകളിൽ വർഷാവർഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഹൈസ്കൂളുകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തിക്കൊണ്ടാണ് ഓരോ വർഷവും സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നത്. ഈ വർഷവും അങ്ങനെ എൽ.പി., യു.പി. സ്കൂളുകളിൽ ഡി.ഇ.ഒമാർ ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തി. ഹൈസ്കൂളുകളിൽ ഡെപ്യൂട്ടി ഡയറക്ടർമാരും വെരിഫിക്കേഷൻ നടത്തി, സ്റ്റാഫ് ഫിക്സേഷൻ നടത്തി. കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടറി അധികാരം നൽകിയതുകൊണ്ട് ചെയ്യുന്നതാണ്. പക്ഷേ, ഇപ്പോൾ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന രണ്ട് ഉത്തരവുകൾ, 17-11-1999-ലെ ചെലവ് ചുരുക്കൽ നിയമന നിരോധന ഉത്തരവും ഏറ്റവും ഒടുവിൽ 30-6-2000-ലെ ധനകാര്യ വകുപ്പിന്റെ രണ്ടാമത്തെ ഉത്തരവും പ്രകാരം ഡി.ഇ.ഒ.മാരും ഡെപ്യൂട്ടി ഡയറക്ടർമാരും സ്റ്റാഫ് ഫിക്സേഷനിലൂടെ അനുവദിച്ച, കെ.ഇ.ആർ അനുസരിച്ച് അനുവദിച്ച പുതിയ തസ്തികകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊമോഷൻ കൊടുത്തും ട്രാൻസ്ഫർ കൊടുത്തും എല്ലാം റദ്ദാക്കിയിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ വിദ്യാലയങ്ങളുടെ, സഹകാര്യ സ്കൂളുകളുടെ പ്രവർത്തനങ്ങൾ സ്തംഭിപ്പിച്ചിരിക്കുകയാണ്. അങ്ങ് അടിയന്തിരമായിട്ട് ഇടപെടണം. സ്റ്റാറ്റ്യൂട്ടറി അധികാരം എടുത്തുകളഞ്ഞു കൊണ്ടോ അതിനെ മറികടക്കാനുള്ള അധികാരം ഉപയോഗിച്ചോ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങ് നടപടി സ്വീകരിക്കണം. ഈ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ചുള്ള നിയമനങ്ങളും മറ്റ് നടപടികളും അംഗീകരിച്ചു കൊണ്ടുള്ള ഒരു തീരുമാനം അടിയന്തിരമായിട്ട് എടുക്കണം. അദ്ധ്യാപകരുടെ ആശങ്ക അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ വികസനേതര പ്രവർത്തനങ്ങൾ ചുരുക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളുടെ വ്യവസ്ഥകളിൽ നിന്നും സർക്കാർ സ്കൂളുകളേയും സഹകാര്യ സ്കൂളുകളേയും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു. മേൽപ്പടി ഉത്തരവിലുള്ള വ്യവസ്ഥകളിൽ നിന്നും മേൽപ്പടി സ്കൂളുകളെ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ മന്ത്രിസഭയുടെ സജീവ പരിഗണനയിലാണ്.

(10) മാനന്തവാടിയിൽ ബസ്സപകടം നടന്ന സ്ഥലത്തെ റോഡിൽ സംരക്ഷണഭിത്തി കെട്ടണമെന്ന ആവശ്യം

ശ്രീമതി രാധാരാഘവൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മാനന്തവാടിയിൽ കഴിഞ്ഞ വർഷം ഒരു വൻ ബസ്സപകടം ഉണ്ടായി. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാർ സ്ഥലത്ത് വരികയും ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചിലർ ചില ഉറപ്പുകൾ നൽകുകയും ചെയ്തു. എന്നാൽ അത് കഴിഞ്ഞ് പൊതുമരാമത്ത് വകുപ്പിന്റെ അനാസ്ഥ കൊണ്ട് അതിന്റെ തൊട്ട് മുകളിലായി രണ്ട് ബസ്സുകൾ കൂട്ടിമുട്ടി ഒരു ആദിവാസി മരിച്ചു, നാലഞ്ച് പേർക്ക് പരിക്ക് പറ്റി. അവർക്ക് അടിയന്തിര സഹായം നൽകണം. ബസ്സപകടം നടന്നത് മാനന്തവാടി പാലത്തിനടുത്ത് നിന്നും സ്കൂളിനടുത്തായ വളവിലാണ്. റോഡിന് പൊതുവെ വീതി കുറവാണ്. മലമ്പ്രദേശമായതുകൊണ്ട് മലകൾ വെട്ടി ഉണ്ടാക്കിയ റോഡുകളാണ്. ഇത്രയുമധികം ഗതാഗതം നടക്കുന്ന ഒരു റോഡ് വയനാട്ടിൽ വളരെ വിരളമാണ്. രണ്ട് വാഹനങ്ങൾക്ക് കഷ്ടിച്ച് യാത്ര ചെയ്യാവുന്ന ഈ റോഡിന്റെ ഒരു വശം വളരെ താഴ്ച്ചയുള്ളതാണ്. ഇവിടെ പാർശ്വഭിത്തിയോ പാർശ്വമതിലോ കെട്ടിയിട്ടില്ല. അപകടത്തെ തുടർന്ന് ചില മുളക്കമ്പുകൾ കൂട്ടികെട്ടി ഒരു താല്ക്കാലിക തടയിട്ടിട്ടുണ്ട്. ഒഴിഞ്ഞ ടാർ വീപ്പകളിൽ വെള്ള കുമ്മായം പൂശി അപകട മുന്നറിയിപ്പ് നൽകുന്നു. തീർന്നു, സർക്കാരിന്റെ ഭാഗത്തെ നടപടികൾ. ഇനിയും അനേക അപകടങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഇതിന് പരിഹാരം കണ്ടെത്തുന്നതിനും ഈ വളവ് നിവർത്തുന്നതിനും, ഈ റോഡിന് പാർശ്വഭിത്തിയും മതിലും നിർമ്മിക്കാനും ഉള്ള ഉചിതമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. ഇതല്ലെങ്കിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട് ദുഃഖം താങ്ങാനാകാതെ, ആൾക്കാരെ ഈ പ്രദേശവുമായിട്ട് ബന്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly